**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5072** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റലിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റൽ ഇപ്പോൾ അനുവദിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമം പാലിച്ചു കൊണ്ട്, ഭൂമി തരം മാറ്റം (റവന്യൂ രേഖകളിൽ ഭൂമിയുടെ സ്വഭാവവ്യതിയാനം) അനുവദിച്ചു വരുന്നു.<br><br>അപേക്ഷകർ, ഭൂമിയുടെ തരം മാറ്റത്തിനായുള്ള അപേക്ഷകൾ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക്, റവന്യൂ വകുപ്പിന്റെ ReLIS പോർട്ടൽ മുഖേന ഓൺലൈനായാണ് നൽകുന്നത്.<br><br>50 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമിയുടെ തരം മാറ്റുന്നതിന് ഫോറം 6-ലും, 50 സെന്റിന് മുകളിൽ വിസ്തൃതിയുള്ള ഭൂമിയുടെ തരം മാറ്റുന്നതിന് ഫോറം 7 -ലും, 1967 ജൂലൈ 4-ന് മുമ്പ് നികന്നതോ, നികത്തിയതോ ആയ ഭൂമിയുടെ തരം മാറ്റത്തിനായി ഫോറം 9-ലും, ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി ഫോറം 5-ലുമാണ് അപേക്ഷ നൽകേണ്ടത്. മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ, വില്ലേജ് ഓഫീസർ/കൃഷി ഓഫീസർ മുഖാന്തരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയും, ആവശ്യമെങ്കിൽ നേരിട്ട് പരിശോധന നടത്തിയും, കെ.എസ്.ആർ.ഇ.സി തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയും, റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന്റെ പകർപ്പ്, റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തി നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട്, ഭൂരേഖ തഹസീൽദാർക്ക് നൽകുന്നു. സബ് ഡിവിഷൻ നടപടി ആവശ്യമുള്ള കേസുകളിൽ പ്രസ്തുത നടപടി പൂർത്തീകരിച്ച് ഭൂരേഖ തഹസീൽദാർ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും, ആയത് പ്രകാരം വില്ലേജ് |

| | | | |
|---|---|---|---|
| | | | ഓഫീസർ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുകയും ചെയ്യുന്നു.<br><br>മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലുള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കാസർഗോഡ്, കാഞ്ഞങ്ങാട് റവന്യൂ ഡിവിഷൻ ഓഫീസുകളിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് റവന്യൂ ഡിവിഷൻ ഓഫീസിലെ അപേക്ഷ സംബന്ധിച്ച വിവരം **അനുബന്ധം എ** - ആയും, കാഞ്ഞങ്ങാട് റവന്യൂ ഡിവിഷൻ ഓഫീസിലെ അപേക്ഷ സംബന്ധിച്ച വിവരം **അനുബന്ധം ബി** - ആയും ചേർക്കുന്നു. |
| (സി) | ഈ അപേക്ഷകൾ എത്രകാലമായി തീരുമാനമാകാതെ കിടക്കുന്നുവെന്നും കാലവിളംബത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (സി) | കാലാകാലങ്ങളിൽ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നോട്ടീസ് നൽകിയിട്ടും അപേക്ഷകർ ഫീസ് ഒടുക്കാത്തവയും, അറിയിപ്പ് നൽകിയിട്ടും ആവശ്യമായ രേഖകൾ ഹാജരാക്കാത്തവയും, വില്ലേജ് ഓഫീസർമാർ/കൃഷി ഓഫീസർമാർ എന്നിവരിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാകാത്തവയുമായ അപേക്ഷകളാണ് തീർപ്പാക്കുവാൻ ബാക്കിയുള്ളത്. |

സെക്ഷൻ ഓഫീസർ

# **അനുബന്ധം എ**
# **കാസറഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസ്**

| നിയമസഭാ മണ്ഡലം | വില്ലേജ് | ബാക്കിയുള്ള അപേക്ഷകൾ |
|---|---|---|
| കാസറഗോഡ് | നെട്ടണികെ | 3 |
| | ആദൂർ | 6 |
| | ബെള്ളൂർ | 4 |
| | കമ്പഡാജെ | 14 |
| | ഉബ്രങ്കള | 4 |
| | ബദിയടുക്ക | 9 |
| | ബേള | 12 |
| | മധൂർ | 24 |
| | പട്ള | 9 |
| | ഷിരിബാഗിലു | 11 |
| | പുത്തൂർ | 24 |
| | കുഡ്ലു | 32 |
| | അടുക്കത്ത്ബയൽ | 23 |
| | തളങ്ങര | 20 |
| | കാസറഗോഡ് | 35 |
| | മുട്ടത്തൊടി | 66 |
| | ചെങ്കള | 42 |
| | പാടി | 5 |
| | നെക്രാജെ | 6 |
| | കാറഡുക്ക | 4 |
| | നീർച്ചാൽ | 6 |
| **ആകെ** | | **359** |
| | മുളിയാർ | 38 |
| | അഡൂർ | 8 |

| | | |
|---|---|---|
| ഉദുമ | ദേലംപാടി | 1 |
| | ബന്തടുക്ക | 5 |
| | കുറ്റിക്കോൽ | 0 |
| | ബേഡഡുക്ക | 6 |
| | കൊളത്തൂർ | 2 |
| | തെക്കിൽ | 16 |
| | കരിവേടകം | 2 |
| | പെരുമ്പള | 8 |
| | ചെമ്മനാട് | 47 |
| | കളനാട് | 21 |
| | മുന്നാട് | 1 |
| **ആകെ** | | **155** |

**അനുബന്ധം ബി**

**<u>കാഞ്ഞങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസ്</u>**

| നിയമസഭാ മണ്ഡലം | വില്ലേജ് | ബാക്കിയുള്ള അപേക്ഷകൾ |
|---|---|---|
| കാഞ്ഞങ്ങാട് | ചിത്താരി | 34 |
| | അജാനൂർ | 203 |
| | ബല്ല | 234 |
| | ഹോസ്ദുർഗ്ഗ് | 504 |
| | കാഞ്ഞങ്ങാട് | 1282 |
| | പുതുക്കൈ | 51 |
| | മടിക്കൈ | 22 |
| | അമ്പലത്തറ | 4 |
| | **ആകെ** | **2334** |
| തൃക്കരിപ്പൂർ | നീലേശ്വരം | 180 |
| | കയ്യൂർ | 5 |
| | ചീമേനി | 0 |
| | കൊടക്കാട് | 28 |
| | തിമിരി | 3 |
| | ക്ലായിക്കോട് | 9 |

| | | |
|---|---|---|
| | ചെറുവത്തൂർ | 172 |
| | പീലിക്കോട് | 128 |
| | പടന്ന | 95 |
| | ഉദിനൂർ | 75 |
| | മാണിയാട്ട് | 39 |
| | നോർത്ത് തൃക്കരിപ്പൂർ | 145 |
| | സൗത്ത് തൃക്കരിപ്പൂർ | 203 |
| | പേരോൽ | 35 |
| | വലിയപറമ്പ | 33 |
| | തുരുത്തി | 116 |
| | **ആകെ** | **1266** |
| ഉദുമ | ഉദുമ | 13 |
| | പള്ളിക്കര | 27 |
| | കീക്കാൻ | 11 |
| | പനയാൽ | 4 |
| | പെരിയ | 20 |
| | പുല്ലൂർ | 26 |
| | ബാര | 12 |
| | കോട്ടിക്കുളം (പള്ളിക്കര-2) | 35 |
| | **ആകെ** | **148** |

**ഓൺ ലൈൻ അപേക്ഷകളുടെ വിവരങ്ങൾ**

| വില്ലേജ് | ആകെ ലഭിച്ച ഓൺ ലൈൻ അപേക്ഷകൾ | തീർപ്പാക്കിയ ഓൺ ലൈൻ അപേക്ഷകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓൺ ലൈൻ അപേക്ഷകൾ |
|---|---|---|---|
| ആനാട് | 524 | 365 | 159 |
| കല്ലറ | 211 | 119 | 92 |
| പാങ്ങോട് | 291 | 215 | 76 |
| പാലോട് | 248 | 162 | 86 |
| കുറുപുഴ | 145 | 93 | 52 |
| നെല്ലനാട് | 344 | 238 | 106 |
| പനവൂർ | 120 | 76 | 44 |
| പെരിങ്ങമ്മല | 44 | 25 | 19 |
| പുല്ലമ്പാറ | 238 | 142 | 96 |
| തെന്നൂർ | 37 | 28 | 9 |
| വാമനപുരം | 131 | 63 | 68 |
| ആകെ | 2333 | 1526 | 807 |